# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2505 01.04.2013-ൽ മറുപടിക്ക്**

## ഗാർഹിക വാട്ടർകണക്ഷൻ വിച്ഛേദിച്ച നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | തിരുവല്ല മാർക്കറ്റ് ജംഗ്ഷനിലെ പാലിയിൽ ഹൗസിലെ ശ്രീമതി രാധയുടെ പേരിലുള്ള ഗാർഹിക വാട്ടർ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തു കാരണത്താലാണ് പ്രസ്തുത കണക്ഷൻ വിച്ഛേദിക്കാനിട യായത് എന്ന് വ്യക്തമാക്കുമോ; | (ബി) | വീട് പൊളിച്ചുകളഞ്ഞ സാഹചര്യ-ത്തിലാണ് പ്രസ്തുത കണക്ഷൻ വിച്ഛേദിച്ചത്. |
| (സി) | ശ്രീമതി രാധ, ഗൃഹ നിർമ്മാണത്തിന് വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചുവെന്നതിന് എന്തു തെളിവാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | ശ്രീമതി രാധ, ഗൃഹ നിർമ്മാണത്തിനായി അതോറിറ്റിയുടെ വെള്ളം ഉപയോഗി ച്ചതായി ബന്ധപ്പെട്ട ഓഫീസിൽ യാതൊരു അറിവും ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഒരു വർഷത്തെ മിനിമം ചാർജായ 500 രൂപ മുൻകൂറായി അടച്ചതിൽ ഡിസ്കണക്ഷൻ ചാർജ് മാത്രം ഈടാക്കി 397 രൂപ ഉപഭോക്താവിന് തിരിച്ചു കൊടുത്തതിൽ നിന്നും വാട്ടർമീറ്ററിലെ റീഡിംഗിൽ നിന്നും ഉപഭോക്താവ് വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചിട്ടില്ല എന്നത് വ്യക്തമാകുന്നില്ലേയെന്നറിയിക്കുമോ; | (ഡി) | വ്യക്തമാകുന്നുണ്ട് |
| (ഇ) | ശ്രീമതി രാധ തന്റെ വസ്തു മകന് കൈമാറ്റം ചെയ്തതുമൂലം 25 വർഷമായി ഉണ്ടായിരുന്ന കണക്ഷന് പകരം പുതിയ കണക്ഷൻ എടുക്കാനുള്ള നടപടിക്രമങ്ങൾ വീണ്ടും പാലിക്കേണ്ടി വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്നറിയിക്കുമോ? | (ഇ) | ശ്രീമതി രാധയുടെ പൊളിച്ചു മാറ്റപ്പെട്ട വീടിന് വേണ്ടിയായിരുന്നു അതോറിറ്റി വാട്ടർ കണക്ഷൻ നൽകിയിരുന്നത്. നിയമമനുസരിച്ച് വീട് പൊളിച്ചു മാറ്റപ്പെട്ടാൽ കണക്ഷൻ സ്ഥിരമായി വിച്ഛേദിക്കുവാനും, റദ്ദാക്കുവാനും അതോറിറ്റി ബാധ്യസ്ഥനാണ്. ആയതിനാൽ ടി കണക്ഷൻ പുതിയ നമ്പറോട് കൂടിയ വീടിന് നൽകുവാൻ സാധിക്കുകയില്ല. പുതിയ വീട് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ വീട്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ പുതിയ വാട്ടർ കണക്ഷന് അപേക്ഷിക്കാവുന്നതും, എടുക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

8